**കേരളത്തിലേക്കെത്തുന്ന കുടിയേറ്റ തൊഴിലാളികളുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന അവരുടെ പ്രശ്നങ്ങൾ പരിഗണിക്കാൻ വ്യവസ്ഥാപിത ട്രേഡ് യൂണിയനുകളൊന്നും താത്പര്യം കാണിക്കുന്നില്ല. കുടിയേറ്റ തൊഴിലാളികളെയും തൊഴിൽ മേഖലയെയുമായി ബന്ധപ്പെട്ട അവഗണിക്കപ്പെടുന്ന പ്രശ്നങ്ങളെ എങ്ങനെ രാഷ്ട്രീയമായി സമീപിക്കണമെന്ന് വിശദമാക്കുന്നു അവർക്കിടയിൽ പ്രവർത്തിക്കുന്ന**

**ജോർജ്ജ് ബ്രൂണോ**

# തൊഴിലാളികൾ ശത്രുപക്ഷത്തല്ല

**പരിസ്ഥിതി** സംരക്ഷണം തൊഴിലിനെയും തൊഴിലാളികളെയും തുരങ്കം വയ്ക്കുന്നതാണെന്ന ചിന്താഗതി ഇന്ന് പ്രബലമായി നിലനിൽക്കുന്നുണ്ട്. ഈ ധാരണ ശരിയല്ല എന്ന് ബോധ്യപ്പെടുത്തുകയാണ് ഞങ്ങളുടെ പ്രവർത്തനങ്ങളുടെ മുഖ്യലക്ഷ്യങ്ങളിലൊന്ന്. തൊഴിൽ സംരക്ഷണം പരിസ്ഥിതി സംരക്ഷണവുമായും വിഭവങ്ങളുടെ സമചിത്തതയോടെയുള്ള ഉപയോഗവുമായും എത്രമേൽ ബന്ധമുള്ളതാണെന്ന് ശങ്കർഗുഹാ നിയോഗിയെപ്പോലെയുള്ള ട്രേഡ് യൂണിയൻ ആക്ടിവിസ്റ്റുകൾ പറഞ്ഞുവച്ചിടത്തു നിന്നാണ്  നാം തുടങ്ങേണ്ടത്. പരിസ്ഥിതി പ്രസ്ഥാനങ്ങളും പരമ്പരാഗത ട്രേഡ് യൂണിയനുകളും തമ്മിൽ നിലനിൽക്കുന്ന തർക്കം അവസാനിച്ചാൽ മാത്രമേ പുതിയ സാധ്യതകൾ തുറക്കപ്പെടുകയുള്ളൂ. വ്യവസ്ഥാപിത രാഷ്ട്രീയത്തിന് പുറത്ത് നിൽക്കുന്ന സമാന്തര ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾക്കാണ് ആ വഴിയിൽ മുന്നോട്ടുപോകാൻ കഴിയുന്നത്.

ഇന്ത്യയിൽ ഫ്യൂഡൽ ഉത്പാദന ബന്ധങ്ങൾക്കെതിരെ തൊഴിലാളികളുടെ നേതൃത്വത്തിൽ വലിയ സമരങ്ങൾ നടന്നിട്ടുണ്ട്. പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്യുന്ന അധിനിവേശ ശക്തികൾക്കെതിരെയുള്ള ജീവിത മാർഗ്ഗങ്ങൾ നഷ്ടമാകുന്നവരുടെ ചെറുത്തുനിൽപ്പ് കൂടിയായിരുന്നു ആ സമരങ്ങൾ. പുന്നപ്ര വയലാർ മുതൽ ബംഗാളിലെ മുണ്ട, ഒറീസയിലെ ഗോണ്ട്  ഗോത്ര വംശജരും കർഷക തൊഴിലാളികളും ബ്രിട്ടീഷ്-നാടുവാഴിത്ത അധിനിവേശത്തിനെതിരെ സമരം ചെയ്തിട്ടുണ്ട്. എന്നാൽ മുതലാളിത്ത ഉത്പാദനം കൂടുതൽ ശക്തമായ ഈ നിയോലിബറൽ കാലഘട്ടത്തിൽ ചൂഷണാധിഷ്ഠിത വ്യവസ്ഥ നിലനിന്നിട്ടുപോലും തൊഴിലാളി പ്രസ്ഥാനങ്ങളുടെ പക്ഷത്ത് നിന്നും ശക്തമായ സമരങ്ങൾ ഇന്ത്യയിൽ നടക്കുന്നില്ല. വ്യവസായ തൊഴിലാളികളുടെ ജീവിത സൗകര്യം മെച്ചപ്പെടുത്തുന്നതിനും മാന്യമായ വേതനം ഉറപ്പുവരുത്തുന്നതിനും വേണ്ടിയുള്ള നിരവധി സമരങ്ങൾ മുതലാളിത്ത വ്യവസായ വിക

സനത്തിന്റെ ആദ്യനാളുകളിൽ ഇന്ത്യയിൽ നടന്നിട്ടുണ്ട്. ഉത്പാദനം വർദ്ധിപ്പിക്കാൻ തൊഴിലാളികളെ സംരക്ഷിക്കേണ്ടതുണ്ട് എന്നതിനാൽ അത്തരം ആവശ്യങ്ങളെല്ലാം മുതലാളിമാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിലാളി സംഘടനകൾ കൂടുതൽ പ്രബലരായി മാറുകയും മാനേജ്മെന്റുകളുമായി വിലപേശൽ നടത്താൻ കഴിയുന്ന തരത്തിലുള്ള അധികാരം അവരുടെ കൈയിൽ വരുകയും ചെയ്തു. അതോടെ തൊഴിലിന്റെയും മാനേജ്മെന്റിന്റെയും സംരക്ഷകരായി മാറിയ വ്യവസ്ഥാപിത ട്രേഡ് യൂണിയനുകൾ തൊഴിൽ/വ്യവസായ മേഖലയുമായി ബന്ധപ്പെട്ട മറ്റ് പ്രശ്നങ്ങളൊന്നും പരിഗണിക്കാത്ത തരത്തിൽ മുഷ്ക്കുള്ളവരായി. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന കുടിയേറ്റ തൊഴിലാളികളുടെ പ്രശ്നങ്ങളൊന്നും അവർ പരിഗണിക്കാതെയായി. ഉദാരവത്കരണ നയങ്ങൾ സ്വയം പര്യാപ്തമായിരുന്ന ഇന്ത്യൻ കാർഷിക സമ്പദ്വ്യവസ്ഥയെ പൂർണ്ണമായും തകർത്തതിന്റെ ഫലമായി ഗ്രാമീണർ തൊഴിൽ തേടി വ്യാപകമായി നഗരങ്ങളിലേക്ക് കുടിയേറാൻ തുടങ്ങി.



**തൊഴിലാളികൾ പരിസ്ഥിതി നാശത്തിന്റെ ആദ്യ ഇരകളായിത്തീർന്നിട്ടും തൊഴിൽ സംരക്ഷണത്തിന്റെ പേരിൽ അവരുടെ സംഘടിത ശക്തിയെ ദുരപയോഗം ചെയ്യുകയാണ് സി.ഐ.ടി.യുവിനെപ്പോലെയുള്ള പ്രബല ട്രേഡ് യൂണിയനുകൾ. പരിസ്ഥിതി സമരങ്ങളെ തൊഴിലിന്റെ പേരിൽ എതിർക്കുന്ന നിലപാടിന് ദീർഘകാലത്തേക്ക് നിലനിൽപ്പില്ലെന്ന് അവർ തിരിച്ചറിയുന്നില്ല**

അത്തരം കുടിയേറ്റക്കാർ എത്തിച്ചേർന്ന അസംഘടിത തൊഴിൽ മേഖലകളിലൊന്നും വ്യവസ്ഥാപിത തൊഴിലാളി പ്രസ്ഥാനങ്ങൾ കടന്നെത്തിയില്ല. കുറഞ്ഞ വേതനവും ദുരിതപൂർണ്ണമായ തൊഴിൽ സാഹചര്യങ്ങളും നിലനിൽക്കുന്ന മേഖലയായിട്ടും കുടിയേറ്റ തൊഴിലാളികളുടെ പ്രശ്നങ്ങൾ തുടർച്ചയായി അവഗണിക്കപ്പെടുന്നു. നഗരങ്ങളിലെ നിർമ്മാണ മേഖലയിലും ഗാർഹിക തൊഴിലുകളിലുമാണ് കുടിയേറ്റ തൊഴിലാളികൾ ഏറെയും എത്തിപ്പെടുന്നത്. വിഭവചൂഷണം നടത്തുന്ന മുതലാളിത്ത വ്യവസ്ഥിതിക്ക് വേണ്ടി അടിമപ്പണി ചെയ്യുന്നവരായി ഇവർ മാറി.

നഗരങ്ങളിലേക്കുള്ള കുടിയേറ്റം കാരണം അധ്വാനശേഷിയുള്ള യുവജനങ്ങൾ ഇല്ലാത്ത മരുഭൂമികളായി മാറിക്കൊണ്ടിരിക്കുകയാണ് പല ഇന്ത്യൻ ഗ്രാമങ്ങളും. സ്വയംപര്യാപ്തമായി ജീവിക്കാൻ കഴിയുന്ന സാഹചര്യം ഗ്രാമങ്ങളിൽ ബോധപൂർവ്വം സൃഷ്ടിക്കപ്പെടാത്തതാണെന്ന് അവർ തിരിച്ചറിയുന്നില്ല. അത്തരത്തിലുള്ള രാഷ്ട്രീയ ബോധം അവർക്ക്  നൽകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളൊന്നും ആ മേഖലയിൽ നടക്കുന്നില്ല. അവർ തൊഴിൽ ചെയ്യുന്ന മേഖലയിൽ നിലനിൽക്കുന്ന പ്രകൃതിവിഭവ ചൂഷണം കാരണം മനുഷ്യസമൂഹത്തിന്റെ തന്നെ നിലനിൽപ്പ് അസാധ്യമായിത്തീരും എന്ന് അവർ തിരിച്ചറിയുന്നില്ല.

വിഭവ ചൂഷണത്തിനെതിരെ നടക്കുന്ന ജീവിതം നഷ്ടമാകുന്നവരുടെ ജനകീയ സമരങ്ങളെ തൊഴിലാളി സംഘടനകളെ ഉപയോഗിച്ചാണ് വ്യവസ്ഥാപിത രാഷ്ട്രീയ തൊഴിലാളി യൂണിയനുകൾ നേരിടുന്നത്. പെരിയാർ, കാതിക്കുടം, എൻഡോസൾഫാൻ, ചെങ്ങറ തുടങ്ങിയ കേരളത്തിലെ മിക്ക ജനകീയ സമരങ്ങളിലും നമ്മൾ ആ കാഴ്ച കണ്ടതാണ്. അവർ പ്രതിനിധാനം ചെയ്യുന്ന തൊഴിലാളികൾ വിഭവ ചൂഷണത്തിന്റെയും പരിസ്ഥിതി നാശത്തിന്റെയും ആദ്യ ഇരകളായിത്തീർന്നിട്ടും തൊഴിൽ സംരക്ഷണത്തിന്റെ പേരിൽ അവരുടെ സംഘടിത ശക്തിയെ ദുരപയോഗം ചെയ്യുകയാണ് സിഐ.ടി.യുവിനെപ്പോലെയുള്ള ശക്തരായ ട്രേഡ് യൂണിയനുകൾ. വിഭവചൂഷണത്തിനും പരിസ്ഥിതി നാശത്തിനുമെതിരെ നടക്കുന്ന സമരങ്ങളെ തൊഴിൽ സംരക്ഷണത്തിന്റെ പേരിൽ എതിർക്കുന്ന നിലപാടിന് ദീർഘകാലത്തേക്ക് നിലനിൽപ്പില്ലെന്ന് അവർ തിരിച്ചറിയുന്നില്ല. വിഭവങ്ങൾ നിലനിൽക്കുമ്പോൾ മാത്രമാണ് തൊഴിലും തൊഴിലാളികളും നിലനിൽക്കുന്നത്. കൊക്കക്കോളയുടെ കാര്യമെടുക്കൂ. ശുദ്ധജലത്തിന് കുറവ് വന്നാൽ കമ്പനിക്ക് അവിടെ നിലനിൽക്കാൻ കഴിയില്ല. വേണ്ടത്ര മുള കിട്ടാതെ വന്നതും ഗ്വാളിയോർ റയോൺസ് അടച്ചുപൂട്ടുന്നതിന് കാരണമായിത്തീർന്നല്ലോ. പെരുമ്പാവൂരിലെ പ്ലൈവുഡ് ഫാക്ടറികൾക്ക് ആവശ്യമായ തടി കിട്ടാത്ത അവസ്ഥ ഇപ്പോൾ തന്നെ നിലനിൽക്കുന്നുണ്ട്. മണൽവാരലിന്റെ കാര്യത്തിലും അതാണ് അവസ്ഥ.

അതിജീവിക്കാത്ത വ്യവസായങ്ങളെയാണ് തൊഴിലിന്റെ പേരുപറഞ്ഞ് വ്യവസ്ഥാപിത ട്രേഡ് യൂണിയനുകൾ സംരക്ഷിക്കാൻ ശ്രമിക്കുന്നത്. അവരുടെ ഈ ധാർഷ്ട്യത്തിന് ഏറെയും ഇരകളായിത്തീരുന്നത് തൊഴിലാളികളാ

ണ്. പ്ലാന്റേഷൻ കോർപ്പറേഷനുവേണ്ടി എൻഡോസൾഫാൻ സമരത്തെ എതിർത്ത തൊഴിലാളികളും അവരുടെ കുട്ടികളും കീടനാശിനി പ്രയോഗത്താൽ മാരകരോഗികളായിത്തീർന്ന ഞെട്ടിക്കുന്ന വാർത്തകൾ നാം വായിച്ചതല്ലേ. എന്നിട്ടും ഇത്തരം പ്രശ്നങ്ങളൊന്നും പരിഗണിക്കാതെ, കൂലികൂടുതലിന് വേണ്ടി മാത്രം സമരം ചെയ്യുന്നതിനും ക്ഷേമനിധി പ്രവർത്തനം നടത്തുന്നതിനുമുള്ള ഇടനിലക്കാരായാണ് പരമ്പരാഗത ട്രേഡ് യൂണിയനുകൾ പ്രവർത്തിക്കുന്നത്.

കോർപ്പറേറ്റ് വിഭവചൂഷണത്തെ എതിർക്കാനുള്ള രാഷ്ട്രീയ വിദ്യാഭ്യാസം ആർജ്ജിക്കുന്ന, ജനാധിപത്യ സമൂഹത്തിന്റെ ഭാവി നിർണ്ണയിക്കാൻ കഴിയുന്ന  തരത്തിലുള്ള സർഗ്ഗാത്മക ഇടപെടലുകൾ നടത്തുന്ന ട്രേഡ് യൂണിയനുകൾക്കാണ് ഇനി സാധ്യതയുള്ളത്. വിഭവസംരക്ഷണത്തിനായി നടക്കുന്ന ജനകീയ സമരങ്ങളോട് ഐക്യപ്പെട്ടുകൊണ്ട് അത് സാധ്യമാകണം. എന്നാൽ നിലവിൽ തൊഴിലാളികളുമായി സംവദിക്കാനും അവരെക്കൂടി പങ്കാളികളാക്കാനുമുള്ള ശ്രമങ്ങളൊന്നും ജനകീയ സമരങ്ങളുടെ ഭാഗത്ത് നിന്നും വേണ്ടത്ര ഉണ്ടാകുന്നില്ല എന്നത് നിർഭാഗ്യകരമാണ്. ശത്രുപക്ഷത്താണ് അവരും തൊഴിലാളി സംഘടനകളെ കാണുന്നത്. അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന കുടിയേറ്റ തൊഴിലാളികളെ സംഘടിപ്പിക്കുന്നതിലൂടെ വ്യവസ്ഥാപിത ട്രേഡ് യൂണിയനുകളുടെ ജീർണ്ണതകളെ പ്രതിരോധിക്കുന്നതിനും വിഭവസംരക്ഷണത്തിനായുള്ള സമരങ്ങളിൽ തൊഴിലാളികളുടെ കൂടി പങ്കാളിത്തം ഉറപ്പുവരുത്താനുമുള്ള ശ്രമങ്ങളാണ് ഞങ്ങൾ നടത്തുന്നത്. എന്നാൽ തീർത്തും അവഗണിക്കപ്പെടുന്ന കുടിയേറ്റ തൊഴിലാളികൾ ദൈനംദിനം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ പോലും ഞങ്ങൾ പ്രയാസപ്പെടുകയാണ്. വേണ്ടത്ര സംവിധാനങ്ങളില്ലാത്തതാണ് മുഖ്യകാരണം. തൊഴിലുടമകളുടെയും പോലീസിന്റെയും പൊതുസമൂഹത്തിന്റെയും ഭാഗത്ത് നിന്ന് നിരവധി ചൂഷണങ്ങൾ അവർ നേരിടുന്നുണ്ട്. തൊഴിൽ സ്ഥലങ്ങളിൽ അപകട മരണങ്ങളുണ്ടാകുമ്പോൾ വളരെ സമർദ്ധമായി തൊഴിലുടമകൾ അത് ഒതുക്കിതീർക്കുകയാണ് ഇപ്പോൾ പതിവ്. തൊഴിലാളികൾക്ക് നഷ്ടപരിഹാരവും ചികിത്സയും ലഭിക്കുന്നില്ല. പാർപ്പിട സൗകര്യങ്ങളുടെ അഭാവമാണ് മറ്റൊരു പ്രശ്നം. തൊഴിലെടുത്ത് തളരുന്നവർക്ക് മാന്യമായി വിശ്രമിക്കാനുള്ള സൗകര്യങ്ങൾ എവിടെയും ലഭിക്കുന്നില്ല. കാറ്റും വെളിച്ചവും കടക്കാത്ത താത്കാലിക ഷെഡുകളിലാണ് അവർ താമസിക്കുന്നത്. ശുചിത്വമില്ലാത്ത അന്തരീക്ഷവും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇത്തരം അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാൻ നിരന്തരം ശ്രമിക്കുന്നതിനാൽ അവർക്ക് രാഷ്ട്രീയ വിദ്യാഭ്യാസം നൽകുന്നതിനും അവർ തൊഴിലെടുക്കുന്ന തൊഴിൽ മേഖല സൃഷ്ടിക്കുന്ന വിശാലമായ സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് ബോധ്യപ്പെടുത്തുന്നതിനും സുസ്ഥിരമായ തൊഴിൽ മേഖലകളിലേക്ക് അവരുടെ അധ്വാനശേഷി വഴി തിരിച്ചുവിടുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഇനിയും വേണ്ടവിധം മുന്നോട്ടുപോയിട്ടില്ല. കുടിയേറ്റ തൊഴിലാളികളോടൊപ്പം താമസിച്ച്, അവരുടെ പ്രശ്നങ്ങൾ നേരിട്ടു മനസ്സിലാക്കുന്നതിനും അവരോട് സംവദിക്കാനും ഞങ്ങൾ ശ്രമിക്കുന്നുണ്ട്.

രാഷ്ട്രീയ പാർട്ടികളുടെ തൊഴിലാളി യൂണിയനുകളൊന്നും കുടിയേറ്റ തൊഴിലാളികളുടെ പ്രശ്നത്തിൽ ഇടപെടുന്നില്ല. മറ്റ് സാമൂഹിക – പരിസ്ഥിതി പ്രസ്ഥാനങ്ങളും കുടിയേറ്റ തൊഴിലാളികളുടെ വർഗ്ഗപരമായ ഏകീകരണത്തെ എതിർക്കുന്നു. സി.ഐടി.യു പോലെയുള്ള വ്യവസ്ഥാപിത ട്രേഡ് യൂണിയനുകളുടെ സാമൂഹിക വിരുദ്ധ നിലപാടുകളോടുള്ള പരിസ്ഥിതി പ്രസ്ഥാനങ്ങളുടെ എതിർപ്പ് പലപ്പോഴും തൊഴിലാളി വർഗ്ഗത്തെ മുഴുവൻ ശത്രുപക്ഷത്ത് നിർത്തുന്നതിന് കാരണമായിത്തീരുന്നുണ്ട്. നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്ന മേഖലയായിട്ടും കുടിയേറ്റ തൊഴിലാളികളെ ഏകീകരിക്കുന്നതിനായുള്ള ബദൽ സംഘടനാ രൂപങ്ങൾ ഉയർന്നുവരാത്തതിന് അതൊരു കാരണമായി മാറുന്നു. വർഗ്ഗപരമായി ഏകീകരിക്കപ്പെടാത്തത് തൊഴിലാളികൾ മതപരമായും വംശീയമായും വേർതിരിക്കപ്പെടുന്നതിന് കാരണമാകുന്നു. അസം കലാപത്തിന്റെ പശ്ചാത്തലത്തിൽ കുടിയേറ്റ തൊഴിലാളികൾക്ക് വംശീയ ഭീഷണി നേരിടേണ്ടിവന്നത് അവരെ വംശീയമായും മതപരമായും അടയാളപ്പെടുത്തുന്നതുകൊണ്ടാണ്. വംശീയ സംഘടനാരൂപങ്ങൾക്ക് പരിഹരിക്കാൻ കഴിയുന്നതല്ല തൊഴിലാളികൾ എന്ന നിലയിൽ കുടിയേറ്റക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ.

നിയോലിബറൽ നയങ്ങളുടെ ഭാഗമായുള്ള മൂലധന നിക്ഷേപങ്ങൾക്കൊപ്പം അത്തരം നയങ്ങൾക്ക് പിടിച്ചുനിൽക്കാൻ കഴിയുന്ന തരത്തിലുള്ള മനോഭാവവും മുതലാളിത്തം നിർമ്മിക്കുന്നുണ്ട്. മുതലാളിത്തം ഉത്പന്നങ്ങൾക്കൊപ്പം അവ ഉപഭോഗം ചെയ്യുന്നതിനുള്ള ആസക്തിയും നിർമ്മിച്ചുകൊണ്ടാണ് വിപണിയിൽ പ്രവേശിക്കുന്നത്. അത്തരം ഉപഭോഗാസക്തികൾക്ക് വശംവദരായി കൂടുതൽ സുഖസൗകര്യങ്ങൾക്കും പണസമ്പാദനത്തിനും വേണ്ടി നഗരങ്ങളിലെത്തുന്നവരും കുടിയേറ്റ തൊഴിലാളികളുടെ ഇടയിലുണ്ട്. എമർജിംഗ് കേരള പോലെയുള്ള നിക്ഷേപ സംഗമങ്ങളിലൂടെയെത്തുന്ന പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കേരളത്തിലേക്കുള്ള കുടിയേറ്റ തൊഴിലാളികളുടെ എണ്ണം വീണ്ടും കൂട്ടും. കൂടിയ ജനസാന്ദ്രതയും പരിമിതമായ സൗകര്യങ്ങളുള്ള കേരളത്തിന് കുടിയേറ്റ തൊഴിലാളികളുടെ വൻ തോതിലുള്ള ഒഴുക്ക് താങ്ങാൻ കഴിയാത്ത സാഹചര്യം വൈകാതെ സൃഷ്ടിക്കപ്പെടും. കേരളത്തിൽ നിന്നും ഗൾഫ് നാടുകളിലേക്ക് കുടിയേറിയ തൊഴിലാളികൾക്ക് കേരളത്തിലേക്ക് പെട്ടെന്ന് മടങ്ങി വരേണ്ട സാഹചര്യമുണ്ടായാൽ തൊഴിൽ മേഖലയിൽ നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടും. അവർക്ക് തിരികെ വന്ന് കൃഷിപോലെയുള്ള സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ വിഭവങ്ങൾ കേരളത്തിൽ വ്യാപകമായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. എമർജിംഗ് കേരളം അഭിമുഖീകരിക്കാൻ പോകുന്ന ഒരു പ്രധാന പ്രശ്നമായി അത് പരിഗണിക്കപ്പെടണം. സുസ്ഥിരമായ സാമൂഹിക പുരോഗതി ലക്ഷ്യം വയ്ക്കുന്ന സംരംഭങ്ങൾ ഒരുവശത്ത് സാധ്യമാകാതിരിക്കുകയും മറുവശത്ത് ഒട്ടും സുസ്ഥിരമല്ലാത്ത നിക്ഷേപങ്ങൾ കെട്ടിയുയർത്താൻ കുടിയേറ്റ തൊഴിലാളികൾ  വ്യാപകമായി വന്നെത്തുകയും ചെയ്യുന്ന സങ്കീർണ്ണമായ അവസ്ഥയിലൂടെയാണ് കേരളം കടന്നുപോകുന്നത്.

സമൂഹം നേരിടുന്ന എല്ലാ വെല്ലുവിളികളേയും അഭിമുഖീകരിക്കാൻ കഴിയുന്ന ബദൽ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുടെ അഭാവത്തിൽ സാമൂഹിക പ്രസ്ഥാനങ്ങൾക്ക് ഏറെ ദൂരം മുന്നോട്ട് പോകാൻ കഴിയില്ല.